DESPATCHED
On 17/6/22



# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം–695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 253(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.4539/SIC-Gen4/2022**

(ഉത്തരവുകൾ **sic.kerala.gov.in** –ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ജൂൺ 16

ശ്രീ. കെ.വിവേകാനന്ദൻ,
സത്യൻ ഭവൻ, പൂവട,
കരയ്ക്കാട്ടുവിള,
നരുവാമൂട് പി.ഒ.,തിരുവനന്തപുരം. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
   പള്ളിച്ചൽ ഗ്രാമ പഞ്ചായത്ത്,
   വി.കെ.കെ നഗർ, പ്രാവച്ചമ്പലം, നേമം പി.ഒ.,
   തിരുവനന്തപുരം – 695 020.
2. അപ്പീൽ അധികാരി &
   പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ,
   പെർഫോമൻസ് ആഡിറ്റ് യൂണിറ്റ്–5,
   അഞ്ചാം നില, സിവിൽ സ്റ്റേഷൻ,
   കുടപ്പനക്കുന്ന് പി.ഒ., തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 9.12.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 27.12.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 25.1.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 11.2.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 10.3.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 15.3.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 25.3.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 11.4.2022, 16.4.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 15.6.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. കെ.വിവേകാനന്ദൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക്

തൃപ്തികരമല്ലാത്ത മറുപടിയാണ് നൽകിയതെന്നും ഇൻഫർമേഷൻ ഓഫീസറുടെ നിരുത്തരവാദപരമായ പ്രവൃത്തിയെ ഒന്നാം അപ്പീൽ അധികാരി ന്യായവത്ക്കരിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കി എതിർകക്ഷികൾക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 9.12.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് ;

1) പൂവട-കരയ്ക്കാട്ടുവിള റോഡിനുവേണ്ടി സ്ഥലം അക്വയർ ചെയ്തതാണോ അതോ സ്വകാര്യ വ്യക്തികൾ സറണ്ടർ ചെയ്ത് റോഡ് നിർമ്മിച്ചതാണോ എന്നും
2) അക്വയർ ചെയ്താണ് റോഡ് നിർമ്മിച്ചതെങ്കിൽ ഏതൊക്കെ വ്യക്തികളിൽ നിന്ന് അക്വയർ ചെയ്തതെന്നും എത്രമാത്രം വിസ്തീർണ്ണം ഏതൊക്കെ സർവ്വെ വസ്തുവിൽ നിന്നാണെന്നുള്ള വിവരം ലഭിക്കണമെന്നും മറ്റുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ പൂവാട - കരയ്ക്കാട്ടുവിള റോഡ് സംബന്ധിച്ച ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിന് കഴിയുന്നില്ല എന്ന മറുപടി തൃപ്തികരമല്ല എന്ന് പരാതിപ്പെട്ടുകൊണ്ട് നൽകിയ അപ്പീൽ ഹർജി 11.2.2022-ന് രണ്ടാം എതിർകക്ഷി തീർപ്പാക്കിയിട്ടുള്ളതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി 8.4.2022-ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 10.12.2021-ന് പള്ളിച്ചൽ ഗ്രാമ പഞ്ചായത്തിൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ പൂവട - കാരയ്ക്കാട്ടുവിള റോഡിന് സ്ഥലം ലഭ്യമായത് സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷയ്ക്ക് 27.12.2021-ന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറുപടി നൽകിയിരുന്നു എന്നും പ്രസ്തുത മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് 25.1.2022-ന് ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും 11.2.2022 തീയതിയിൽ ഹർജിക്കാരനെ നേരിൽ കേൾക്കുകയും മൊഴി രേഖപ്പെടുത്തുകയും ചെയ്തിരുന്നു എന്നും ഒന്നാം എതിർകക്ഷിയായ പള്ളിച്ചൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 8.2.2022-ന് ആയത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു എന്നും മേൽപ്പറഞ്ഞ എല്ലാ രേഖകളും അപ്പീൽ അധികാരി വിശദമായി പരിശോധിക്കുകയും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ടിയാന് ലഭ്യമായിട്ടില്ലെന്ന് അപ്പീൽ അധികാരി നിരീക്ഷിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഓഫീസിൽ ലഭ്യമായ എല്ലാ ഫയലുകളും പള്ളിച്ചൽ ഗ്രാമ പഞ്ചായത്ത് കാര്യാലയം ഐ.എസ്.ഒ നിലവാരത്തിലാക്കുന്നതിന്റെ ഭാഗമായി കൃത്യമായി അടുക്കി ചിട്ടപ്പെടുത്തിയിട്ടുണ്ടെന്നും ആയവ പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് എസ്പി.ഐ.ഒ അറിയിച്ചിരുന്നു എന്നും തുടർന്ന് പള്ളിച്ചൽ ഗ്രാമ പഞ്ചായത്ത് എൽ.എസ്.ജി.ഡി അസി. എഞ്ചിനീയറുടെ ഓഫീസിലും പ്രസ്തുത വിവരം സംബന്ധിച്ച ഫയൽ ലഭ്യമാണോ എന്ന് അന്വേഷിച്ചിരുന്നുവെന്നും എന്നാൽ അപ്രകാരം ഒരു ഫയൽ

നിലവില്ലെന്നാണ് ടി ഓഫീസും അറിയിച്ചിട്ടുള്ളതെന്നും അപേക്ഷകന് വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള എല്ലാ പരിശ്രമങ്ങളും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ സ്വീകരിച്ചിട്ടുണ്ടെന്നും വിവരങ്ങൾ എസ്.പി.ഐ.ഒയുടെ പക്കൽ ഇല്ലാത്തതായിരുന്നതിനാലാണ് അപേക്ഷകന് വിവരങ്ങൾ നൽകാൻ സാധിക്കാതിരുന്നതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട പൂവട – കാരയ്ക്കാട്ടുവിള റോഡിന് വേണ്ടി സ്ഥലം അക്വയർ ചെയ്തതുമായി ബന്ധപ്പെട്ട വിവരങ്ങൾ അടങ്ങിയ ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതിനാലാണ് എതിർകക്ഷികൾക്ക് വിവരം നൽകാൻ കഴിയാതിരുന്നതെന്ന വിശദീകരണം വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കത്തക്കതല്ല. മാത്രമല്ല ടി റോഡുമായി ബന്ധപ്പെട്ട ഫയൽ നിലവിലുണ്ടെന്ന് ഹർജിക്കാരൻ ഹിയറിംഗ് വേളയിൽ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ഒരു സീനിയർ ഉദ്യോഗസ്ഥനും രണ്ടോ മൂന്നോ അംഗങ്ങളും ഉൾപ്പെടുന്ന ഒരു ടീം രൂപീകരിച്ച് ഒരിക്കൽ കൂടി റെക്കാർഡ് റൂം പരിശോധിച്ച് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം അടങ്ങിയ ഫയൽ കണ്ടെത്തി 30.6.2022നകം ഹർജിക്കാരന് വിവരം നൽകണമെന്നും അപ്രകാരവും രേഖ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെങ്കിൽ റിക്കാർഡ് റൂം നേരിട്ട് പരിശോധിക്കുന്നതിനുള്ള അവസരം ഹർജിക്കാരന് നൽകണമെന്നും ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ 16–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

bnk